എന്റെ സുഹൃത്തും ഇപ്പോൾ കോഴിക്കോട്ട സർവകലാശാലയിൽ ജന്തുശാസ്ത്ര പ്രൊഫസറുമായ ഡോക്ടർ കെ. ജി. അടിയോടി തിരുവനന്തപുരത്തു് അക്വേറിയത്തോടു ചേർന്ന ഒരു കെട്ടിടത്തിൽ ഗവേഷണത്തിനായി ഒരുപററം ക്ഷുറകളെ വളർത്തിയിരുന്നു. ക്ഷുറകളുടെ സൗമ്യപ്രകൃതി, സാമൂഹ്യബോധം, നിരുപദ്രവസ്വഭാവം മുതലായവയെപ്പററി പല കാര്യങ്ങളും എനിക്കു് അദ്ദേഹം പറഞ്ഞുതന്നിട്ടുണ്ടു്. ഉറയൂരി പുറത്തു വരുന്ന ക്ഷുറകുമാരികളുടെ ദിവ്യസൗന്ദര്യം കണ്ടറിയാൻ എന്നെ സഹായിച്ചതു് ഡോക്ടർ അടിയോടിയാണു്.

പക്ഷേ, മററൊരു സുഹൃത്തായ ശ്രീ റോസ്കോട്ട് കൃഷ്ണപിള്ളയുടെ അനുഭവം, ഭയപ്പെടേണ്ട ഒരു ജീവിയാണു് ക്ഷുറ എന്ന ബോധം എന്നിൽ ഉളവാക്കി. ഏതാനും വർഷം മുമ്പു് ഉറങ്ങിക്കിടക്കവേ ശ്രീ റോസ്കോട്ടിന്റെ ചെവിയിൽ ഒരു ക്ഷുറ കയറിക്കൂടി; പുറത്തെടുക്കാൻ ശ്രമിക്കുംതോറും അതു കൂടുതൽ അകത്തേക്കു നീങ്ങുകയാണു ചെയ്തതു്. ശ്രീ റോസ്കോട്ട് അന്നു സഹിച്ച വേദനയ്ക്കു് അളവില്ല. ഒടുവിൽ വിദഗ്ധനായ ഒരു ഡോക്ടർ റോസ്കോട്ടിനെ പൂർണമായി ബോധം കെടുത്തി, ക്ഷുറയെ പല കഷണങ്ങളായി മുറിച്ചു്, പുറത്തെടുത്തു.

അതിനാൽ, കിടപ്പുമുറിയിൽനിന്നെങ്കിലും ക്ഷുറയെ അകററിനിർത്തുക!

'എങ്ങനെ?' എന്നാവും നിങ്ങളുടെ ചോദ്യം.

എനിക്കു് അറിഞ്ഞുകൂടാ. നിങ്ങൾക്കു് അറിയാമെങ്കിൽ, ആ വിദ്യ എനിക്കും പറഞ്ഞുതരു.

(16 നവംബർ, 1986)

## 94. കേരളത്തിലെ ചിത്രശലഭങ്ങൾ

ചിത്രശലഭങ്ങളെക്കുറിച്ചുള്ള ഒരു കുറിപ്പിൽ മൂന്നു വർഷം മുമ്പു് ഞാൻ ഇങ്ങനെ എഴുതി:

'ചിത്രശലഭങ്ങളിൽ ജനങ്ങൾക്കു താല്പര്യം വളർത്താൻ നാം വല്ലതും ചെയ്യുന്നുണ്ടോ?

ഈ വല്ലിയിൽനിന്നു ചെമ്മേ—പൂക്കൾ
പോവുന്നിതാ പറന്നമ്മേ!

എന്നു് പ്രാഥമിക ക്ലാസുകളിൽ പഠിപ്പിക്കുന്നതൊഴിച്ചാൽ, ചിത്രശലഭങ്ങളെപ്പററി ഉദ്ബുദ്ധമായ ജിജ്ഞാസ കുട്ടികളിൽ ഉണർത്താൻ നമ്മുടെ സ്കൂളുകളോ, കോളേജുകളോ എന്തു ചെയ്യുന്നു? ഇത്തരം കാര്യങ്ങളിൽ നമ്മുടെ നാട്ടിൽ ആയിരക്കണക്കിനുള്ള ജന്തുശാസ്ത്രാദ്ധ്യാപകരിൽ എത്ര പേർക്കുണ്ടു് താല്പര്യം?'

ഒരു ലേഖനം വായിച്ചതുകൊണ്ടു് ഇത്തരം കാര്യങ്ങളിൽ ആർക്കെങ്കിലും താല്പര്യം ഉളവാകുമെന്ന വ്യാമോഹം എനിക്കു് അതെഴുതുമ്പോൾ ഉണ്ടായിരുന്നില്ല. അതിനാൽ ചിത്രശലഭങ്ങളിൽ താല്പര്യം കേരളത്തിൽ ഇനിയും ഉദ്ദീപ്തമാകാത്തതിൽ പറയത്തക്ക നൈരാശ്യവുമില്ല.

എങ്കിലും, തെക്കേ ഇന്ത്യയിലെ ചിത്രശലഭങ്ങളെപ്പററി, മനോഹരങ്ങളായ ഏതാനും ചിത്രങ്ങളോടെ, ഒരു ലേഖനം 1986 ജൂലൈ 26—ലെ 'ഫ്രണ്ട്ലൈൻ' എന്ന ഇംഗ്ലീഷ് പാക്ഷികത്തിൽ പ്രസിദ്ധംചെയ്തതു കണ്ടപ്പോൾ എനിക്കുണ്ടായ ആഹ്ലാദത്തിനു് അതിരില്ല. കേരളത്തിലെ

ഏതെങ്കിലും ജന്തുശാസ്ത്രാദ്ധ്യാപകൻ എഴുതിയതല്ല ഈ ലേഖനം എന്നു് പ്രത്യേകിച്ചു പറയേണ്ടതില്ല.

ടോർബൻ ബി. ലാർസൻ എന്ന പേരായ ഒരു ഡാനിഷ് ധനശാസ്ത്രജ്ഞനാണു് ഈ ലേഖനം എഴുതിയതും, അതിലേക്കുള്ള ചിത്രങ്ങൾ അനുപമമായ വൈദഗ്ദ്ധ്യത്തോടെ തയ്യാറാക്കിയതും. ധനശാസ്ത്രം പഠിച്ചു്, കുടുംബാസൂത്രണപദ്ധതികളിൽ പ്രവർത്തിക്കുന്ന ഈ ഡെന്മാർക്കുകാരൻ തന്റെ ബാല്യത്തിലെ ഏതാനും വർഷങ്ങൾ ചെലവഴിച്ചതു് ഇന്ത്യയിലായിരുന്നു. അക്കാലത്തു് ഇന്ത്യയിലെ ചിത്രശലഭങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധ ആകർഷിച്ചു. പടിഞ്ഞാറേ ഏഷ്യയിലെ ചിത്രശലഭങ്ങളെപ്പററി മി. ലാർസൻ തയ്യാറാക്കിയ പ്രബന്ധത്തെ ആസ്പദമാക്കി, ഡെന്മാർക്കിന്റെ തലസ്ഥാനമായ കോപ്പൻഹാഗനിലെ പ്രസിദ്ധമായ യൂണിവേഴ്സിററി അദ്ദേഹത്തിനു് 1984—ൽ ഡോക്ടർബിരുദം നല്കുകയുണ്ടായി. ഇപ്പോൾ ഏഴു മാസമായി അദ്ദേഹം ദക്ഷിണേന്ത്യയിലെ ചിത്രശലഭങ്ങളെപ്പററി പഠനം നടത്തുകയാണെന്നും, ഇന്ത്യൻ ചിത്രശലഭങ്ങളെപ്പററിയുള്ള അദ്ദേഹത്തിന്റെ പുസ്തകം താമസിയാതെ പ്രസിദ്ധീകരിക്കുമെന്നും, ലേഖനത്തോടൊപ്പം ചേർത്ത കുറിപ്പിൽനിന്നു് അറിയാൻ കഴിഞ്ഞു. പ്രകൃതിപ്രേമികൾ ഈ പുസ്തകത്തെ സഹർഷം സ്വാഗതംചെയ്യാതിരിക്കുകയില്ല.

ഭൂമിയുടെ പുറന്തോടു് ഉറച്ചു കട്ടിയായി കാണപ്പെടുന്നുണ്ടെങ്കിലും, അതിന്റെ അകം ഇപ്പോഴും ഉരുകി ദ്രവരൂപത്തിൽ കിടക്കുകയാണെന്നും ഈ ദ്രവത്തിന്റെ മീതെ, വെള്ളത്തിൽ പാടകൾപോലെ ഭൂഖണ്ഡങ്ങൾ മന്ദഗതിയിൽ നീങ്ങിക്കൊണ്ടിരിക്കുകയാണെന്നുമുള്ള ധാരണ പല ശാസ്ത്രജ്ഞന്മാരും പുലർത്തുന്നുണ്ടു്. ആഫ്രിക്കാഭൂഖണ്ഡത്തിന്റെ ഒരു ഭാഗമായിരുന്ന ഇന്ത്യ ഏതാണ്ടു് പത്തുകോടി വർഷംമുമ്പു് പൊട്ടിയടർന്നു് വടക്കോട്ടു നീങ്ങാൻ തുടങ്ങിയെന്നും, പിന്നീടു് എട്ടുകോടി വർഷത്തോളം കാലം ഈ ഭൂഭാഗത്തിനു് ഒരു വൻകരയുമായും ബന്ധമുണ്ടായിരുന്നില്ലെന്നുമാണു് മി. ലാർസൻ കരുതുന്നതു്. അക്കാലത്തു് ഇന്ത്യയിൽ ചിത്രശലഭങ്ങൾ ഉണ്ടായിരുന്നില്ല. പിന്നീടു്, ഏതാണ്ടു രണ്ടു കോടി വഷം മുമ്പു് ഇന്ത്യാഭൂഖണ്ഡം ഏഷ്യാ വൻകരയിൽ ചെന്നിടിച്ചു. ഹിമാലയപർവതം ഉയർന്നുവന്നതു് ഈ ഇടിയുടെ ശക്തികൊണ്ടാണു്. ഇതിനെത്തുടർന്നു് ഏഷ്യാവൻകരയിലെ ചിത്രശലഭങ്ങൾ ഇന്ത്യയിലേക്കു് കുടിയേറിപ്പാർത്തതാണെന്നു് മി. ലാർസൻ കരുതുന്നു. മറിച്ചുമുണ്ടു് ഒരു സിദ്ധാന്തം, ഇന്ത്യയിൽ മുമ്പേ ഉണ്ടായിരുന്ന ചിത്രശലഭങ്ങൾ, അവ ഇല്ലാതിരുന്ന ഏഷ്യയിലേക്കു വ്യാപിക്കുകയാണുചെയ്തതെന്നു്. ഈ തക്ത്തിലൊരു വിധി കല്പിക്കുക സുഖകരമല്ല. എന്നാലും, ഇന്ത്യൻ ചിത്രശലഭങ്ങൾക്കു് ആഫ്രിക്കൻ ചിത്രശലഭങ്ങളുമായി വർഗബന്ധമില്ല; വർഗബന്ധമുള്ളതു് ഏഷ്യൻ ചിത്രശലഭങ്ങളുമായാണു് എന്ന വസ്തുത അർത്ഥഗർഭമാകുന്നു.

ഇന്ത്യയിൽ ആയിരത്തിനാനൂറോളം ചിത്രശലഭവർഗങ്ങളുണ്ടത്രേ. മുന്നൂറോളം ചിത്രശലഭവർഗങ്ങൾ തെക്കേ ഇന്ത്യയിൽത്തന്നെയുണ്ടു്. ലോകത്തിലെവിടെയുമുള്ള ഏററവും മികച്ച ചിത്രശലഭങ്ങളോടു കിടപിടിക്കുന്നവയാണു് ദക്ഷിണേന്ത്യൻ ചിത്രശലഭങ്ങളെന്നു് മി. ലാർസൻ പറയുന്നു. ഇവയിൽ ഏററവും വലിയതിന്റെ ചിറകുകൾ പരത്തിവെച്ചാൽ, ഒരററത്തുനിന്നു് മറേറ അററത്തേക്കു് ഇരുപത്തഞ്ചു സെൻറീമീററർ അകലം കാണും. മഴവില്ലിലെ എല്ലാ നിറങ്ങളും വെട്ടിത്തിളങ്ങുന്ന ചിത്രശലഭങ്ങൾ ദക്ഷിണേന്ത്യയിലുണ്ടു്. ഇന്ത്യക്കു പുറമേ കാണാത്തവയാണു് ഇവയിൽ ചിലവ.

ഓരോ ചിത്രശലഭവർഗത്തിനും വ്യത്യസ്തമായ പേരു് (ഓരോന്നല്ല;

രണ്ടു ലാററിൻ വാക്കുകൾ അടങ്ങിയ ശാസ്ത്രീയനാമത്തിനു പുറമേ സാധാരണജനങ്ങൾ പറയുന്ന, ഒന്നോ രണ്ടോ വാക്കുകൾ അടങ്ങിയ, മറെറാരു പേരും) ഇംഗ്ലീഷിൽ ഉണ്ടെന്നതുതന്നെ ആശ്ചര്യമല്ലേ? ഇങ്ങനെ ചിത്രശലഭങ്ങളെ മാത്രമല്ല, സമസ്ത സസ്യ–ജന്തു വർഗങ്ങളേയും വിഭജിച്ച് വെവ്വേറെ പേരിട്ടു പഠിച്ച ജിജ്ഞാസയുടെ മുമ്പിൽ നമസ്കരിക്കുകയല്ലാതെ വേറെ എന്തു ചെയ്യാൻ!

മി. ലാർസൻെറ ലേഖനത്തോടൊപ്പം ചേർത്ത ചിത്രങ്ങളിലൊന്ന് 'മലബാർ വൃക്ഷദേവത' (മലബാർ ട്രീ നിംഫ്) എന്ന ശലഭത്തിൻെറയാണ്. 'ചുവന്ന റോസ്' (ക്രിംസൺ റോസ്) എന്ന പേരുള്ള മറെറാരു ശലഭത്തെ ഗോദാവരിക്കു തെക്കാണത്രേ മുഖ്യമായും കാണുന്നതു്. തമിഴ്നാടിൻെറ 'രാഷ്ട്രീയശലഭം' ആകാൻ അർഹത ചുവന്ന റോസിനു് ഉണ്ടെന്നു് മി. ലാർസൻ അഭിപ്രായപ്പെടുന്നു. കേരളത്തിലെ ചിത്രശലഭങ്ങളെപ്പററി അദ്ദേഹത്തിനു പറയാനുള്ളതു കേൾക്കുക:

'നീലഗിരിക്കുന്നുകളും പാലക്കാട്ടുചുരത്തിനു തെക്കുള്ള കുന്നുകളും അടങ്ങിയ പശ്ചിമഘട്ടത്തിൽ അവിടവിടെ ഉയരം കുറഞ്ഞ ഇടങ്ങളിൽ ശരിയായ ഉഷ്ണമേഖലാമഴക്കാടുകളുടെയും, കുറച്ചുകൂടി ഉയർന്ന ഇടങ്ങളിൽ കുതിർന്ന നിത്യഹരിതവനങ്ങളുടെയും അടുത്തെത്തുന്ന ചില വനത്തുണ്ടുകൾ ഉണ്ടു്. ഏററവും സമ്പന്നങ്ങളായ ജൈവമണ്ഡലങ്ങൾ ഉള്ളതു് ഉഷ്ണമേഖലാ മഴക്കാടുകളിലാണ്. പശ്ചിമഘട്ടത്തിലെ മഴക്കാടുകൾ ഈ നിയമത്തിനു് അപവാദമല്ല. തെക്കേ ഇന്ത്യയിലെ ഏററവും അഴകുള്ളവയും രസകരങ്ങളുമായ ചിത്രശലഭങ്ങളിൽ പലതും ഈ മഴക്കാടുകളിലേ കാണുകയുള്ളു. ഈ മഴക്കാടിൻതുണ്ടുകൾ തമ്മിൽ വളരെയധികം ദൂരം ഉള്ളതിനാൽ, അവയിലെ ചിത്രശലഭങ്ങൾ പ്രത്യേക വ്യതിരിക്തത (സ്പെസിഫിക്കലി ഡിസ്റ്റിൻക്ട്) നേടിയിട്ടുണ്ടു്. ദക്ഷിണപൂർവേഷ്യയിലെ ചിത്രശലഭങ്ങളുമായി വർഗബന്ധമുണ്ടെങ്കിലും, ദക്ഷിണേന്ത്യൻ ചിത്രശലഭങ്ങൾ സ്വതന്ത്രവർഗങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു. 'മലബാർ വൃക്ഷദേവത' ഇതിനൊരു മികച്ച ഉദാഹരണമാകുന്നു. മഴക്കാടിൻെറ മേല്ക്കട്ടിക്കു താഴെ ഈ ചിത്രശലഭങ്ങളുടെ ഒരു സംഘം മെല്ലെ പാറിക്കളിക്കുന്നതുപോലെ മനോഹരമായ മററു ദൃശ്യങ്ങൾ എൻെറ അറിവിൽ ഇല്ല.

'അടുത്തടുത്തുതന്നെ ആവാസവ്യവസ്ഥകളും സാമാന്യ പരിസ്ഥിതിദശകളും മാറി മാറി കാണപ്പെടുന്നു എന്നതാണ് ദക്ഷിണേന്ത്യയിലെ പ്രകൃതിപഠനത്തെ ആഹ്ലാദകരമാക്കുന്ന ഒരു സംഗതി. മഴയിൽ കുതിർന്ന ഒരു വാരാന്ത്യത്തിൽ നീലഗിരിക്കുന്നുകളുടെ വടക്കുപടിഞ്ഞാറേ മൂലയിൽ കേരള–തമിഴ്നാട് അതിർത്തിയിലുള്ള നാടുകാണിച്ചുരത്തിൽ ഇരുന്നാണ് ഞാൻ ഇതെഴുതുന്നതു്. ഇവിടെ ആണ്ടുതോറും അയ്യായിരം മില്ലിമീററോളം മഴ പെയ്യുന്നു. മുപ്പതു കിലോമീററർ കിഴക്ക്, ആയിരം മീററോളം ഉയരക്കൂടുതലുള്ളതും കാപ്പി–ചായത്തോട്ടങ്ങൾക്കു പററിയതുമായ ഗൂഡല്ലൂർ ആണ്. ഗൂഡല്ലൂരിൽനിന്നു് നിങ്ങൾക്ക് ഊട്ടിയിലേക്കോ, മുതുമല വന്യമൃഗസങ്കേതത്തിലേക്കോ പോകാം. മുപ്പതു കിലോമീററർകൂടി പോയാൽ നിങ്ങൾ മസീനാഗുഡിയിൽ എത്തും. അവിടത്തെ ഭൂദൃശ്യം മുൾച്ചെടികളുള്ള തുറന്ന പുൽമേടിൻേറതാണ്. നാടുകാണിയിൽ പെയ്യുന്നതിൻെറ പത്തിലൊന്നു മാത്രം മഴ പെയ്യുന്ന അവിടെ എത്തിയാൽ നിങ്ങൾക്കു തോന്നുക നിങ്ങൾ ആഫ്രിക്കയിലെത്തി എന്നാണ്. അധികമില്ലെങ്കിലും അവിടെ ശുദ്ധ–ആഫ്രിക്കൻ ചിത്രശലഭങ്ങളെ നിങ്ങൾക്കു കാണാം....ഗൂഡല്ലൂരിൽനിന്നു് മുതുമലയ്ക്കു പോകാതെ ഊട്ടിയിലേക്കു തിരിഞ്ഞാൽ നിങ്ങൾ രണ്ടായിരമോ അധികമോ മീററർ ഉയരമുള്ള പ്രദേശങ്ങളിലെത്തും. വലതുവശത്തുള്ള മുകുർത്തി കൊ

ട്ടുമുടിക്കടുത്തുള്ള സസ്യ—ജന്തു പരിസ്ഥിതി നാട്ടുകാണിയിലോ മസീനാഗുഡിയിലോ ഉള്ളതിൽനിന്നു വളരെ വ്യത്യസ്തമാണ്. ചൂട് പത്തു ഡിഗ്രി സി. യോ, അതിൽ കുറവോ ആണെന്നതാണ് മുഖ്യ കാരണം....ഈ വിതാനത്തിൽ അധികം ചിത്രശലഭങ്ങളില്ല. എന്നാൽ, ഉള്ളവ ജീവശാസ്ത്ര—ഭൂമിശാസ്ത്ര—താല്പര്യം ഏറെ ഉണർത്തുന്നവയാണ്. ഇവയിൽ ചിലതിനു് വർഗബന്ധം ഹിമാലയത്തിന്റെ മുകളിലുള്ള ചിത്രശലഭങ്ങളോടാകുന്നു.'

ചിത്രശലഭങ്ങൾക്ക് പല പാശ്ചാത്യരാജ്യങ്ങളിലും 'മോഹവില' കിട്ടും. ഒരൊററ ശലഭത്തിന് ആയിരം രൂപവരെ 1983—ൽ ലഭിച്ചിരുന്നു. വനവിധ്വംസനംമൂലവും, വൻതോതിൽ പിടിച്ചു കൊന്നു കയററി അയയ്ക്കുന്നതുമൂലവും നാശോന്മുഖങ്ങളായ നൂറോളം ചിത്രശലഭവർഗങ്ങൾക്ക് ഇന്ത്യൻ വന്യജീവിസംരക്ഷണനിയമം (വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട്) സംരക്ഷണം വാഗ്ദാനംചെയ്യുന്നുണ്ട്. ഈ ശലഭങ്ങളെ കൊന്നോ ജീവനോടെയോ കയററി അയയ്ക്കുന്നതു് നിരോധിച്ചിരിക്കുന്നു. എന്നാൽ, ഏതാനും ചിലർ ചിത്രശലഭങ്ങളെ ശേഖരിക്കുന്നതുകൊണ്ടോ, കുറെ എണ്ണത്തെ കയററി അയയ്ക്കുന്നതുകൊണ്ടോ തരക്കേടൊന്നും വരാനില്ല എന്നാണ് മി. ലാർസൻ കരുതുന്നതു്. പശ്ചിമഘട്ടത്തിലെ മഴക്കാടുകളിൽ ആദിവാസികളുടെ ഒരു കടിൽവ്യവസായമെന്നനിലയിൽ ചിത്രശലഭങ്ങളെ വളർത്തുന്ന തോട്ടങ്ങളും ചിത്രശലഭശേഖരങ്ങളും ഉണ്ടാക്കാവുന്നതാണെന്നും, ചിലതരം ചിത്രശലഭങ്ങൾക്ക് ലോകമാർക്കററിൽ ആവശ്യക്കാരുണ്ടെന്നും അദ്ദേഹം പറയുന്നു. ചിത്രശലഭത്തോട്ടങ്ങളും ചിത്രശലഭശേഖരങ്ങളും ആദിവാസികൾക്ക് കുറെയൊക്കെ സാമ്പത്തികവരുമാനം ഉണ്ടാക്കിക്കൊടുക്കും; അതോടൊപ്പം, പ്രകൃതിസംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പററിയുള്ള ബോധം അവരിൽ ഉളവാക്കുകയുംചെയ്യും എന്നു് മി. ലാർസൻ കരുതുന്നു.

ആദിവാസികളുടെ കാര്യം ഇരിക്കട്ടെ. വളരുന്ന തലമുറയ്ക്ക് ചിത്രശലഭങ്ങളിൽ (അവയിലൂടെ പ്രകൃതിയിലും) താല്പര്യം ഉളവാക്കാൻ സ്കൂളുകളിൽ എന്തെങ്കിലും ചെയ്തുകൂടേ? അതിനു വലിയ മൂലധനനിക്ഷേപമൊന്നും വേണ്ടല്ലോ. ഏതാനും കാർഡ്ബോർഡ് പെട്ടികളും മൊട്ടുസൂചികളും പോരേ ഇരുനൂറോ മുന്നൂറോ ചിത്രശലഭമാതൃകകൾ കേടുകൂടാതെ സൂക്ഷിച്ചു പ്രദർശിപ്പിക്കാൻ? ശാസ്ത്രസാഹിത്യപരിഷത്തുമായി ബന്ധമുള്ള അദ്ധ്യാപകരിൽ ചിലർക്കെങ്കിലും ഈ രംഗത്തു് വല്ലതും പ്രവർത്തിക്കാൻ ആവില്ലേ?

(7 സെപ്തംബർ, 1986)

## 95. കണ്ടാമൃഗം

നിങ്ങൾ ഈയിടെയെങ്ങാൻ തിരുവനന്തപുരത്തു പോകുന്നുണ്ടോ? ഉണ്ടെങ്കിൽ, തീർച്ചയായും, മൃഗശാലയിൽച്ചെന്നു കണ്ടാമൃഗത്തെ ഒന്നു കാണണം. നിങ്ങളുടെ കുട്ടികളെക്കൂടി വിളിച്ചോളൂ. ഒരുപക്ഷേ, നിങ്ങളുടേതു് കണ്ടാമൃഗവുമായുള്ള ഒടുക്കത്തെ കൂടിക്കാഴ്ചയാകാം; നിങ്ങളുടെ കുട്ടികളുടേതു്, ജീവന്റെ ആ അദ്ഭുതീയ പ്രതിഭാസവുമായി അവരുടെ ആദ്യത്തെയും അവസാനത്തെയും കൂടിക്കാഴ്ചയും.

കാരണമെന്തെന്നല്ലേ? കണ്ടാമൃഗങ്ങളുടെ വംശം അതിവേഗത്തിൽ കുററിയററുകൊണ്ടിരിക്കുകയാണ്. 1970—ൽ ലോകത്തിലാകെ എഴുപതിനായിരത്തോളം കണ്ടാമൃഗങ്ങൾ ഉണ്ടായിരുന്നു. പതിനഞ്ചു വർഷം കഴിഞ്ഞു്, 1985—ൽ അവയുടെ എണ്ണം പതിനാറായിരമായി ചുരു